"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ ജില്ല - ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് - ദേശീയപാത - 66 വികസനവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാന മന്ദിരത്തിന്റെ പ്രധാനഭാഗവും ഏറ്റെടുത്തിട്ടുള്ള ഇനത്തിലുള്ള നഷ്ടപരിഹാരത്തുക വിനിയോഗിക്കുന്നതിനു ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് നൽകിയ അനുമതി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.1653/2026/LSGD തീയതി,തിരുവനന്തപുരം, 02-09-2026

---

പരാമർശം:-

1. GO (P) No.190/2021/RD തീയതി 25.11.2021 സർക്കാർ ഉത്തരവ്
2. GO (P) No.232/2022/ധന തീയതി 12.01.2022 സർക്കാർ ഉത്തരവ്
3. ഡെപ്യൂട്ടി കളക്ടർ & ലാന്റ് അക്വിസിഷൻ കോമ്പിറ്റന്റ് അതോറിറ്റിയുടെ 16/12/2022 ലെ 1/2021-22/MAN/013068/2022 നമ്പർ നടപടിക്രമം.
4. ബഹു. ഹൈക്കോടതിയുടെ WP(C) No.721/2023 നമ്പർ കേസിൻമേലുള്ള 04/03/2025 ലെ വിധിന്യായം
5. 25/03/2025 തീയതിയിലെ സാധാരണ യോഗത്തിലെ 121-ാം നമ്പർ തീരുമാനം
6. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് 7/5/2025 ൽ തദ്ദേശസ്വയംഭരണ സെക്രട്ടറിയ്ക്ക് സമർപ്പിച്ച കത്ത്
7. ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21/06/2025 ലെ ബി.പി 521/2025 നമ്പർ കത്ത്
8. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ഫയൽ ചെയ്ത Contempt Case No. 2823/2025
9. സ.ഉ(സാധാ)നം.824/2026/LSGD തീയതി 25.03.2026
10. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 23.04.2026 ലെ LSGD/PD/22048/2025-REV 6 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ദേശീയപാത-66 വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവ്വേ നമ്പർ 258/28-5A യിൽ 0.0332 ഹെക്ടർ ഭൂമിക്കും, ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരത്തിന്റെ പ്രധാനഭാഗത്തിനും നഷ്ടപരിഹാര തുകയായി 1,26,14,816/- (ഒരുകോടി ഇരുപത്തിയാറുലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി പതിനാറ് രൂപ) 0075-00-105--98 ശീർഷകത്തിൽ നിന്നും ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് വിനിയോഗിക്കുന്നതിനു അനുമതി നൽകി പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ 24/03/2026 മുതൽ ട്രഷറി നിയന്ത്രണം ഉള്ളതിനാൽ പ്രസ്തുത തുക വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്നും അതിനാൽ പ്രസ്തുത തുക 2026-27 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചാവക്കാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (10) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) & (2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ചാവക്കാട് താലൂക്ക്, മണത്തല വില്ലേജ് സർവ്വേ നമ്പർ 258/28-5A യിൽ 0.0332 ഹെക്ടർ ഭൂമിയും , ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാന മന്ദിരത്തിന്റെ പ്രധാനഭാഗവും ദേശീയപാത -66 വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്തിട്ടുള്ള ഇനത്തിൽ കെട്ടിടം നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാര തുകയായ 1,26,14,816/- (ഒരു കോടി ഇരുപത്തിയാറുലക്ഷത്തി പതിനാലായിരത്തി എണ്ണൂറ്റി പതിനാറ് രൂപ മാത്രം) തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിരിക്കണമെന്ന വ്യവസ്ഥയിൽ "0075-00-105-98" ശീർഷകത്തിൽ നിന്നും 2026-27 സാമ്പത്തിക വർഷം വിനിയോഗിക്കുന്നതിനു ചാവക്കാട് ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു. :-

i) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രസ്തുത തുക റീഫണ്ട് ചെയ്യുന്നതിനുള്ള ഡി.ഡി.ഒ യെ ചുമതലപ്പെടുത്തേണ്ടതാണ്.

ii) 0075-00-105-98 ശീർഷകത്തിൽ നിന്നും ഉത്തരവ് പ്രകാരമുള്ള തുക റീഫണ്ട് ചെയ്യുന്നതിനായി ട്രഷറി ആപ്ലിക്കേഷനിലെ റീഫണ്ട് മാസ്റ്ററിൽ ആവശ്യമായ ക്രമീകരണം വരുത്തുന്നതിന് വേണ്ടി ഭരണാനുമതി ഉത്തരവ് സഹിതം DDO ബന്ധപ്പെട്ട ട്രഷറിയെ സമീപിക്കേണ്ടതാണ്.

iii) ട്രഷറി ആപ്ലിക്കേഷനിൽ തുക റീഫണ്ട് ചെയ്യുകൊണ്ട് മാറ്റം വരുത്തിക്കഴിഞ്ഞാൽ DDO യ്ക്ക് ബിംസ് ആപ്ലിക്കേഷൻ വഴി റീഫണ്ടു ബിൽ Process ചെയ്ത് ട്രഷറിയിൽ സമർപ്പിച്ച് തുക മാറി കക്ഷികൾക്ക് അനുവദിക്കാവുന്നതാണ്.

iv) പ്രസ്തുത തുക 0075-00-105-98 എന്ന ശീർഷകത്തിലേയ്ക്ക് ഒടുക്കിയിട്ടുള്ള ചെല്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ കൂടി റീഫണ്ട് നടപടികൾക്കായി ട്രഷറിയിക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1) അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം )

2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

3) സെക്രട്ടറി, ചാവക്കാട് ബ്ലോക്ക്പഞ്ചായത്ത്, തൃശ്ശൂർ ജില്ല

4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം

5) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

6) ധനകാര്യ (Dev-wing) വകുപ്പ് (Dev-2/152/2025-FIN(E-3254828 dated 15.07.2026)

7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ &പി ആർ ഡി

8) കരുതൽ ഫയൽ/ (ഡി.ബി1/184/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 03-09-2026
12:07:47

സെക്ഷൻ ഓഫീസർ